LIBRARY ARCHIVES Kerala Legislative Assembly

പുതുവൈപ്പിനിലെ എൽ.പി.ജി. ഇംപോർട്ട് ടെർമിനലിന്റെ സ്ഥാപനം

72 (43) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)പുതുവൈപ്പിനിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ നടത്താനുദ്ദേശിക്കുന്ന ഏതെങ്കിലും നിർമ്മാണ പ്രവർത്തനത്തിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിരുന്ന രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിരുന്ന രേഖകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

73 (44) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജനുവരി മാസത്തിനുശേഷം വൈപ്പിൻ മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിൽ നിന്നും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച ആകെ 439 അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ളതായി 17-12-15-ൽ നൽകിയ നിയമസഭാ മറുപടിയിൽ വ്യക്തമാക്കിയിരുന്നു. ഈ 311 അപേക്ഷകളിൽ എത്രയെണ്ണം നിലവിൽ തീർപ്പുകൽപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) അപേക്ഷ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ;

(സി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ മെല്ലെപ്പോക്കുമൂലം സർക്കാർ, സർക്കാരിതര ഏജൻസികളിൽ നിന്നുമുള്ള ധനസഹായത്തോടെ ഭവനനിർമ്മാണത്തിനായി അപേക്ഷിക്കുന്ന നിർധന വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട ആനുകൂല്യം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അപേക്ഷകളിന്മേലുള്ള പുരോഗതി സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും ഫോൺ മുഖാന്തരം വിവരങ്ങൾ അറിയുന്നതിന് ജനപ്രതിനിധികൾ പോലും ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 65 എണ്ണം.

(ബി) പ്രതിദിനം നൂറുകണക്കിന് അപേക്ഷകൾ ലഭിക്കുന്നതുകൊണ്ടും ഈ വകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണം പരിമിതമായതുകൊണ്ടും അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ കഴിയാതെ വരുന്നുണ്ട്. എന്നാൽ അപേക്ഷ സ്വീകരിക്കുന്നത് ഓൺലൈൻ ആകുന്ന മുറയ്ക്ക് കാലതാമസം ഒഴിവാകുന്നതാണ്. കൂടാതെ 2016-ഫെബ്രുവരി 1 മുതൽ 10 വരെ ഫയൽ അദാലത്ത് നടത്തി കഴിയുന്നത്ര അപേക്ഷകൾ തീർപ്പാക്കാനുള്ള ശ്രമം നടത്തിവരുന്നു. ഫെബ്രുവരി മാസം 26-ാം തീയതി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി യോഗം കൂടാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കാലതാമസം മൂലം അർഹതപ്പെട്ടവർക്ക് ആനുകൂല്യം നഷ്ടപ്പെടാതിരിക്കുന്നതിനായി ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരത്തിലുള്ള പരാതി ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

74 (45) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോമേഴ്സ് ഹയർ സെക്കണ്ടറി (ജൂനിയർ/സീനിയർ) നോൺ വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വകുപ്പുകളിൽ കോമേഴ്സ് അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇവരിൽ എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്;

(സി) ഇതുവരെ അയച്ച കോമേഴ്സ് ഹയർ സെക്കണ്ടറി ജൂനിയർ/സീനിയർ അദ്ധ്യാപകരുടെ അഡ്വൈസ് ലിസ്റ്റും ഇനി അയക്കുവാൻ പോകുന്ന അഡ്വൈസ് ലിസ്റ്റിന്റേയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly